**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1526** **04-07-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി വെന്നിയൂരിലെ ഭൂമിയുടെ ഉടമസ്ഥവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നഗരസഭയിൽ നടപ്പിലാക്കുന്ന അമൃത് കുടിവെള്ള പദ്ധതിക്ക് 0.0760 ഹെക്ടർ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം കളക്ടറേറ്റിൽ സി2/3554/2022 പ്രകാരമുള്ള ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കണമെന്നുള്ള തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയുടെ 25.06.2022 -ലെ അപേക്ഷ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന്, ജില്ലാകളക്ടർ, തിരൂരങ്ങാടി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, പ്രസ്തുത വിഷയത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നഗരസഭയിലെ വെന്നിയൂർ മില്ലുംപടിയിലെ 340/3, 340/1, തുടങ്ങിയ സർവ്വേ നമ്പറുകളിലുള്ള പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥവകാശം ആരുടെ/ ഏത് സ്ഥാപനത്തിന്റെ/ഏത് വകുപ്പിന്റെ പേരിലാണ്; ഈ ഭൂമിയുടെ മൊത്തം അളവ് എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | തിരൂരങ്ങാടി വില്ലേജിലെ തിരൂരങ്ങാടി അംശം 340/3 - ൽ പെട്ട 0.0760 ഹെക്ടർ പുറമ്പോക്ക് ഭൂമി 1983 വരെ, നാളതീകരിച്ച റവന്യൂ റിക്കാർഡ് പ്രകാരം PHED (Public Health Engineering Department) വകുപ്പിന്റ (കേരള ജല അതോറിറ്റി) ഉടമസ്ഥതയിലാണ്. തിരൂരങ്ങാടി വില്ലേജിലെ റീസർവെ 340/1 - ൽ ഉൾപ്പെട്ട 5.4560 ഹെക്ടർ ഭൂമിയിൽ നിലവിൽ പുറമ്പോക്ക് ഭൂമി ഇല്ല. എന്നാൽ പ്രവർത്തന രഹിതമായ തിരൂരങ്ങാടി എല്ലുപൊടി സഹകരണ സംഘത്തിന്റെ പേരിൽ 1.02 ഏക്കർ ഭൂമി ഉണ്ട്. |

സെക്ഷൻ ഓഫീസർ